**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 111** **18-01-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | | **Smt. J. Mercykutty Amma**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി മേഖലയിലെ ആരോഗ്യ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും സാംസ്കാരിക ഉന്നമനത്തിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പൊതു സമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതു വിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം, 2015-16 വർഷം പൊതുവിഭാഗത്തിന്റേത് 1,64,554/- രൂപയും മത്സ്യത്തൊഴിലാളിയുടേത് 81,494/- രൂപയും ആണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യ വിഭവ സംരക്ഷണത്തിനും, വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ചു ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ വകുപ്പിനും അനുബന്ധ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. തത്ഫലമായി മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനത്തിൽ നേരിയ തോതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിലവിൽ (2018-19 ലെ ത്വരിത പരിശോധനാ കണക്കു പ്രകാരം) പൊതുവിഭാഗത്തിന്റെ ആളോഹരി പ്രതിശീർഷ വരുമാനം 2,25,484/- രൂപയും മത്സ്യത്തൊഴിലാളികളുടേത് 1,10,960/- രൂപയും ആണ്. മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 1. സമ്പാദ്യ സമാശ്വാസ പദ്ധതി 2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ. 3. വിദ്യാഭ്യാസ സഹായ പദ്ധതികൾ. 4.മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചി നുകൾക്കും ഇൻഷ്വറൻസ് പദ്ധതി. 5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാ ക്കുന്ന കടൽ സുരക്ഷാ പദ്ധതി. 6. ഓഖി |

| | | | |
|---|---|---|---|
| | | | പുനരധിവാസ പദ്ധതികൾ. 7.മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊ ഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി. 8. കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ. 9. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധ തികൾ. 10. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി. മത്സ്യത്തൊഴിലാളി മേഖലയിലെ ആരോഗ്യ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും സാംസ്കാരിക ഉന്നമനത്തിനുമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സംസ്ഥാന സർക്കാർ, നബാർഡ് എന്നിവിടങ്ങളിലെ ഫണ്ട് ഉപയോഗിച്ച് വിവിധ ആരോഗ്യാടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഏകദേശം 30.85 കോടി രൂപയ്ക്ക് തീരദേശത്തിലെ ഫിഷറീസ് ആശുപത്രി, ജില്ലാ ആശുപത്രി, സി.എച്ച്.സി, പി.എച്ച്.സി. സബ് സെൻറർ, ഡിസ്പെൻസറി എന്നിവയ്ക്ക് കെട്ടിട നിർമ്മാണം, ഫർണിച്ചറുകൾ, ആശുപത്രിക്കാവശ്യമായ ഉപകരണങ്ങൾ മറ്റ് സൗകര്യങ്ങൾ ഒരുക്കി നൽകൽ എന്നിവ പൂർത്തീകരിച്ച് വരുന്നു. |
| (ബി) | തീരദേശ മേഖലയിലെ വിദ്യാലയങ്ങൾ ആധുനികവൽക്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (ബി) | തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ തീരദേശത്തെ വിദ്യാലയങ്ങളിൽ വിവിധ അടിസ്ഥാന സൗകര്യങ്ങളും ഭൗതിക സൗകര്യങ്ങളും വികസന പദ്ധതികളും നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ, നബാർഡ്, കിഫ്ബി എന്നിവയിൽ നിന്നും കണ്ടെത്തിയ 145 കോടി രൂപ ധനസഹായത്തോടെ തെരഞ്ഞെടുത്ത സ്കൂളുകൾക്ക് അക്കാഡമിക് ബ്ലോക്കുകൾ, കിച്ചൻ ഷെഡ്, സ്മാർട്ട് ക്ലാസ്സ് മുറികൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകൾ, ടോയ്ലറ്റ് ബ്ലോക്കുകൾ എന്നിവ നിർമ്മിച്ച് നൽകുന്നു. ഇവയ്ക്കുപുറമെ സ്കൂളിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ, സ്കൂൾ ഉപകരണങ്ങൾ സ്പോർട്സ് അഭിരുചിക്കായി കളി സ്ഥലം ഒരുക്കൽ, സ്പോട്സ് കിറ്റ് വിതരണം, മത്സ്യത്തൊഴിലാളി വിദ്യാർത്ഥി നികൾക്ക് സൈക്കിൾ വിതരണം എന്നിവയും നടപ്പിലാക്കി വരുന്നു. 66.34 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ മാത്രം 57 സ്കൂളുകളാണ് വികസിപ്പിച്ചെടുക്കുന്നത്. കൂടാതെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് 24.71 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) | മൽസ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും ഈ മേഖലയിലെ | (സി) | നിലവിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ഗവൺമെന്റ് |

| | | | |
|---|---|---|---|
| | സാംസ്കാരിക ഉന്നതിക്കുമായി ഭാവിയിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | | റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ മൈക്രോ ടീച്ചിംഗ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോച്ചിംഗ്, സ്റ്റഡി ടൂർ എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന കുട്ടികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യവും നൽകി വരുന്നു. മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും ഈ മേഖലയിലെ സാംസ്കാരിക ഉന്നതിക്കുമായി ഭാവിയിലും തീരദേശ വികസന കോർപ്പറേഷൻ പിന്നോക്കം നിൽക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ കണ്ടെത്തുകയും വിവിധ ധനസ്രോതസ്സുകളിൽ നിന്നും ഫണ്ട് കണ്ടെത്തി അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതുമാണ്. തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് പൂരക പഠന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 'പ്രതിഭാതീരം' എന്ന പദ്ധതി നടപ്പിലാക്കുന്നതി നുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി തീരദേശത്തെ ഗ്രന്ഥശാലകൾ ഓൺലൈൻ വിദ്യാഭ്യാസത്തിന് അനുഗുണമായ രീതിയിൽ പുന:സംഘടിപ്പിക്കുകയും അത്തരം കേന്ദ്രങ്ങളെ മാതൃകാ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. |

സെക്ഷൻ ഓഫീസർ